മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ പ്രോത്സാഹനം

16(*106) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കെ. പി സതീശ് ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതനുസരിച്ച് സംസ്ഥാനത്തെ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് പ്രോത്സാഹനം നൽകിയത് എന്ന് വെളിപ്പെടുത്തുമോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റികൾക്ക് എന്തെങ്കിലും പ്രോൽസാഹനം നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് നഗരസഭകൾക്ക് ഇത്തരത്തിൽ പ്രോൽസാഹനം നൽകാൻ ആലോചനയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) മികച്ച ഗ്രാമ പഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും ക്യാഷ് അവാർഡും പ്രത്യേക പദ്ധതി ധനസഹായവും നൽകിവരുന്നുണ്ട്.

(ബി&സി)) താഴെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകളെ സംസ്ഥാനതലത്തിൽ മികച്ച ഗ്രാമ പഞ്ചായത്തുകളായി തെരെഞ്ഞെടുത്തിട്ടുണ്ട്.

കഞ്ഞിക്കുഴി	ആലപ്പുഴ ജില്ല	(1995 -96)
വള്ളിക്കുന്ന്	മലപ്പുറം ജില്ല	(1996-97)
പീലിക്കോട്	കാസറഗോഡ് ജില്ല	(1997-98)
തിരുമാറാടി	എറണാകുളം ജില്ല	(1998-99)

കൂടാതെ ഓരോ വർഷവും ജില്ലാ തലത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് അവാർഡ് നൽകാറുണ്ട്. സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ ക്യാഷ് അവാർഡും സ്വരാജ് ട്രോഫിയും സർട്ടിഫിക്കറ്റുമാണ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ തലത്തിൽ ഒന്നാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് 1 ലക്ഷം രൂപ വീതം ക്യാഷ് അവാർഡും സ്വരാജ് ട്രോഫിയും സർട്ടിഫിക്കറ്റുമാണ് നൽകുന്നത്. ഇതു കൂടാതെ അവാർഡ് കിട്ടിയ പഞ്ചായത്തുകൾക്ക് പ്രത്യേക പദ്ധതി ധനസഹായവും നൽകാറുണ്ട്.

സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനാർഹമായ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന് 1998-99-ൽ 20 ലക്ഷം രൂപയും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിന് 1997-98, 1998-99 എന്നീ വർഷങ്ങളിൽ യഥാക്രമം 25 ലക്ഷം, 10 ലക്ഷം എന്നീ തോതിലും പീലിക്കോട് ഗ്രാമ പഞ്ചായത്തിന് 1997-98-ൽ 25 ലക്ഷം രൂപയും 1998-99-ൽ 10 ലക്ഷം രൂപയും തിരുമാറാടി ഗ്രാമ പഞ്ചായത്തിന് 1998-99-ൽ 25 ലക്ഷം രൂപയും പ്രത്യേക പദ്ധതി ധനസഹായവും നൽകിയിട്ടുണ്ട്.

അവാർഡ് ലഭിച്ചിട്ടുള്ള പഞ്ചായത്തുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

1995-96, 1996-97 വർഷങ്ങളിൽ ജില്ലാ തലത്തിൽ മികച്ചതായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് 1998-99-ൽ പ്രത്യേക പദ്ധതി ധനസഹായമായി 5 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. 1997-98-ൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് പ്രത്യേക പദ്ധതി ധനസഹായമായി 10 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. കൂടാതെ ഈ പഞ്ചായത്തുകൾക്ക് 1998-99-ൽ പ്രത്യേക പദ്ധതി ധനസഹായമായി 5 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. ടി വർഷം ജില്ലാ തലത്തിൽ രണ്ടാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി ധനസഹായവും സർട്ടിഫിക്കറ്റുകളും മാത്രമാണ് നൽകിയത്. ഇതു കൂടാതെ 1996-97-ൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായമായി 1997-98-ൽ നൽകിയിട്ടുണ്ട്. 1998-99-ൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി ധനസഹായവും രണ്ടാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് പ്രത്യേക പദ്ധതി ധനസഹായമായി 5 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്.

(ഡി&ഇ) ഉണ്ട്. ഏറ്റവും നല്ല മുനിസിപ്പാലിറ്റിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിൻപ്രകാരം തെരഞ്ഞെടുക്കുന്ന നഗരസഭയുടെ പേരു ശുപാർശ ചെയ്യുന്നതിനുമായി സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

ഇനിയും പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടി

17(*107) ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly